"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ പി.എച്ച്.സി- കളിലും സി.എച്ച്.സി- കളിലും നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാരുടെ സേവനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1343/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/07/2021

പരാമർശം:- 23/06/2020-ലെ ജി.ഒ (ആർ.റ്റി) നം.1241/2020/എൽ.എസ്.ജി.ഡി. ഉത്തരവ്.

**ഉത്തരവ്**

കോവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ, എല്ലാ പി.എച്ച്.സി കളിലും, സി.എച്ച്.സി കളിലും ഓരോ സ്റ്റാഫ് നഴ്സിനെ 2020 ജൂൺ ഒന്ന് മുതൽ പ്രാബല്യത്തിൽ 6 മാസത്തേയ്ക്ക് നിയമിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു.

കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ, മേൽ സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട സ്റ്റാഫ് നഴ്സുമാരുടെ സേവന കാലാവധി 2020 ജൂൺ ഒന്ന് മുതൽ 6 മാസം പൂർത്തിയാകുന്ന മുറയ്ക്ക് 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 19-07-2021 10:25:13
Reason: Approved
സെക്ഷൻ ഓഫീസർ